**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1250** — **12-02-2025 - ൽ മറുപടിയ്ക്ക്**

**പൊതുമരാമത്ത് വകുപ്പ് കെട്ടിട വിഭാഗം-പരവൂർ സ്മാർട്ട് കൃഷി ഭവൻ നിർമ്മാണം .**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ ജി എസ് ജയലാൽ | | ശ്രീ. പി.എ.മുഹമ്മദ് റിയാസ്<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി) | |
| (എ) | ചാത്തന്നൂർ മണ്ഡലത്തിലുൾപ്പെട്ട പരവൂർ നഗരസഭയിൽ പൊതുമരാമത്ത് വകുപ്പ് കെട്ടിട വിഭാഗം കൊല്ലം എക്സിക്യൂട്ടീവ് എൻജിനീയറുടെ നിർവ്വഹണ ചുമതലയിൽ നടന്നുവരുന്ന പരവൂർ സ്മാർട്ട് കൃഷിഭവൻ നിർമ്മാണവുമായി ബന്ധപ്പെട്ട നടപടികളുടെ നിലവിലെ സ്ഥിതി വ്യക്തമാക്കാമോ; | (എ) | **പരവൂർ സ്മാർട്ട് കൃഷി ഭവൻ പ്രവർത്തിക്കായി 08/03/2023 ൽ 80 ലക്ഷത്തിന്റെ ഭരണാനുമതി ലഭിക്കുകയും, ടെൻഡർ ചെയ്ത് കരാറുകാരനായ ശ്രീ. ഹക്കീമുമായി 30/06/2023 ൽ 21/EE/23-24 നമ്പറായി എഗ്രിമെന്റ് വെയ്ക്കുകയും ചെയ്തു. പ്രവൃത്തി പുരോഗമിച്ചു വരവെ 04/07/2024 ൽ കരാറുകാരൻ മരണപ്പെട്ടു. ആ സമയത്ത് പ്രവൃത്തിയിൽ ബേസ്മെന്റ് ഫ്ലോർ, ഗ്രൗണ്ട് ഫ്ലോർ, ഫസ്റ്റ് ഫ്ലോർ എന്നിവയുടെ സ്ട്രക്ചർ പൂർത്തിയായിരുന്നു. (55% പൂർത്തിയായി). ഇതിനുശേഷം 02/09/2024 ൽ കരാറുകാരന്റെ നോമിനിയായ മകൻ പ്രവൃത്തി തുടരാൻ താൽപര്യമില്ലെന്നും ക്ലോസ് ചെയ്ത് ബിൽ നൽകാനാവശ്യപ്പെട്ടും കത്ത് നൽകി. പഴയ കരാർ റദ്ദാക്കി ബാലൻസ് പ്രവൃത്തി ടെൻഡർ ചെയ്യുന്നതിന് കെട്ടിട വിഭാഗം ചീഫ് എഞ്ചിനീയർ തീരുമാനിച്ചിട്ടുണ്ട്.** |
| (ബി) | പ്രസ്തുത കെട്ടിട നിർമ്മാണ കരാറുകാരന്റെ നിര്യാണത്തെ തുടർന്ന് പ്രവൃത്തി കരാർ വീണ്ടും നല്കുന്നതിന് എന്തെല്ലാം നടപടികൾ സമയബന്ധിതമായി സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കാമോ; | (ബി) | പഴയ പ്രവൃത്തിയുടെ അന്തിമ ബിൽ നൽകുന്നതിനായി റിവൈസ്ഡ് എസ്റ്റിമേറ്റ് 07/11/2024 ൽ പാസ്സാക്കിയിട്ടുള്ളതും സപ്ലിമെന്ററി എഗ്രിമെന്റ് വച്ച് അന്തിമ ബിൽ നൽകുന്നതിനുള്ള നടപടികൾ നടന്നുവരുന്നതുമാണ്. ക്ലോഷർ എഗ്രിമെന്റ് തയ്യാറാക്കിയിട്ടുണ്ട്. പഴയ പ്രവൃത്തിയുമായി ബന്ധപ്പെട്ടുള്ള കരാർ റദ്ദാക്കുന്ന നടപടി ക്രമങ്ങൾ പൂർത്തിയാക്കുകയാണ്. |
| (സി) | പുതിയ കരാർ നൽകുന്നതിന് ഇനി എന്തെല്ലാം നടപടികളാണ് ആവശ്യമായിട്ടുള്ളതെന്ന് അറിയിക്കാമോ? | (സി) | ബാലൻസ് ഷെഡ്യൂൾ പരിശോധനയിലാണ്. ഇതിനു ശേഷം ടെൻഡർ, ഷെഡ്യൂൾ മറ്റു ഡോക്യുമെന്റുകൾ (NIT, SBD) തയ്യാറാക്കേണ്ടതുണ്ട്. അതിനെ തുടർന്ന് ടെൻഡർ ചെയ്ത് ബാലൻസ് പ്രവൃത്തിക്കായുള്ള കരാർ വെയ്ക്കുക എന്നത് ആണ് അവശേഷിക്കുന്നത്. |

സെക്ഷൻ ഓഫീസർ